# 55. പകർപ്പവകാശം

'നിന്റെ നെററിയിലെ വിയർപ്പുകൊണ്ട് നീ അപ്പം സമ്പാദിക്കുക' എന്നു ദൈവം മനുഷ്യനോട് ആജ്ഞാപിച്ച കാലംമുതൽ, നെററിയിലെ വിയർപ്പുകൊണ്ടു നേടിയ അപ്പത്തിൽ മനുഷ്യനുള്ള അവകാശം സാർവത്രികമായി അംഗീകരിക്കപ്പെട്ടിരുന്നു. 'സ്വകാര്യസ്വത്ത് മോഷണമാണ്' എന്നു പ്രസിദ്ധനായ ഒരു സോഷ്യലിസ്റ്റ് ചിന്തകൻ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, സ്വന്തം സാമർത്ഥ്യംകൊണ്ടും അദ്ധ്വാനംകൊണ്ടും ഒരു വ്യക്തി സമ്പാദിക്കുന്ന സ്വത്തിൽ, സാധാരണനിലയിൽ സോഷ്യലിസ്റ്റ് ഭരണകൂടം കൈകടത്തുന്നില്ല. തന്റെ സമ്പാദ്യം സൂക്ഷിച്ചുവെക്കാനോ ബാങ്കിലിട്ടു പലിശ വാങ്ങാനോ, ഇഷ്ടപ്പെട്ട രീതിയിൽ ചെലവഴിക്കാനോ സോവിയററ് പൗരനു തികച്ചും അധികാരമുണ്ട്. സ്വാകാര്യസമ്പാദ്യം മൂലധനമായി ഉപയോഗപ്പെടുത്തി മററുചിലരെക്കൊണ്ടു പണിയെടുപ്പിച്ച് അവരുടെ പ്രയത്നശക്തിയിലൊരു ഭാഗം 'മിച്ചമൂല്യ'മാക്കി ചൂഷണം ചെയ്യുമ്പോഴേ സോവിയററ് പൗരൻ സോവിയററ് സ്റ്റേററിന്റെ നിയമം ലംഘിക്കുന്നുള്ളു. സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സ്ഥിതി ഇതാണെങ്കിൽ, സ്വകാര്യസ്വത്തിന് ഏതാണ്ടൊരു വിശുദ്ധിതന്നെ കല്പിക്കുന്ന മുതലാളിത്തരാജ്യങ്ങളിലെ അവസ്ഥ പറയേണ്ടതുമില്ല. അവിടങ്ങളിൽ, തന്റെ സമ്പാദ്യത്തിൽ വ്യക്തിക്കുള്ള അവകാശം ചോദ്യം ചെയ്യപ്പെടാൻ വയ്യാത്തതാണ്. ഇന്ത്യയടക്കം പല രാജ്യങ്ങളിലും സ്വകാര്യസ്വത്തിന് ഭരണഘടനതന്നെ സംരക്ഷണം നൽകുന്നുണ്ട്.

'സ്വത്ത്' എന്നതിൽ ഒരാൾ സമ്പാദിക്കുന്ന സ്ഥാവരങ്ങളും ജംഗമങ്ങളുമായ വസ്തുക്കൾ മാത്രമല്ല ഉൾപ്പെടുക. ബുദ്ധിയും പ്രയത്നവുമുപയോഗിച്ച് ആവിഷ്കരിക്കുന്ന യാന്ത്രികങ്ങളായ സംവിധാനങ്ങൾ, നിർമാണപ്രക്രിയകൾ, ഔഷധാദികളുടെ യോഗങ്ങൾ മുതലായവയും സ്വത്തുതന്നെയാണ്. നിയമപ്രകാരം 'പേററൻറ്' എടുത്താൽ, ഇവയെല്ലാം സ്വകാര്യസ്വത്തായിത്തീരുന്നു. എഴുതിയുണ്ടാക്കുന്ന സാഹിത്യം, വരച്ചുണ്ടാക്കുന്ന ചിത്രം, നാദരൂപത്തിൽ ആവിഷ്കരിക്കുന്ന സംഗീതം, രംഗത്തിൽ അവതരിപ്പിക്കപ്പെടുന്ന നൃത്തം മുതലായ കലകളും ആവിഷ്കർത്താക്കളുടെ സ്വകാര്യ സ്വത്താകുന്നു. ഇവ അപഹരിക്കുകയോ അനുകരിക്കുകയോ ചെയ്യുന്നതു്, പകർപ്പവകാശം സംബന്ധിച്ച ഇൻറർനാഷണൽ കൺവെൻഷനിലോ ജനീവാ കൺവെൻഷനിലോ അംഗങ്ങളല്ലാത്ത ഏതാനും രാജ്യങ്ങളിലൊഴികെ, ഇന്ത്യയടക്കം ഭൂരിപക്ഷം രാജ്യങ്ങളിൽ നിയമപ്രകാരം നടപടികളെടുക്കാവുന്ന കുററങ്ങളാണ്.

എന്നാൽ, സ്ഥാവരജംഗമ സ്വത്തുക്കളിലുള്ള അവകാശംപോലെ എളുപ്പത്തിൽ നിർവചിക്കാനോ, നിയമപ്രകാരം അനായാസമായി നടപ്പിൽ വരുത്താനോ കഴിയുന്ന ഒന്നല്ല പകർപ്പവകാശം. ഇതിനു കാരണം പകർപ്പവകാശത്തിനു വിഷയമായ വസ്തുവിന്റെ പ്രത്യേക സ്വഭാവമാകുന്നു. ഒരുതുണ്ടു ഭൂമിയോ ഒരു മോട്ടോർ കാറോ പോലെ മൂർത്തമായ ഒന്നല്ലല്ലോ ഒരു സാഹിത്യകൃതി, അഥവാ ഒരു ഗീതം. സ്ഥാവരജംഗമ സ്വത്തുക്കൾക്കുള്ളതു് അവയുടെ ബാഹ്യമായ രൂപമാണ്. സാഹിത്യാദി കലകൾക്കാകട്ടെ, സങ്കീർണമായ ഒരു ഉള്ളടക്കവും, അത്രതന്നെ സങ്കീർണമായ ഒരു ബാഹ്യരൂപവുമുണ്ട്. ഇവയിൽ ഏതിലാണു നിർമാതാവിനു പകർപ്പവകാശമുള്ളതു്?

ആശയം (ഐഡിയ), വിഷയം (സബ്ജക്ട്മാററർ), പ്രമേയം (തീം), ഇതിവൃത്തം (പ്ലോട്ട്), ചരിത്രപരമോ ഐതിഹ്യപരമോ ആയ

വസ്തുതകൾ ഇവയിലൊന്നും ഗ്രന്ഥകാരനു പകർപ്പവകാശമില്ലെന്ന് ഈയിടെ ഇന്ത്യയിലെ സുപ്രീംകോടതി വിധിക്കുകയുണ്ടായി. ഒരു കൃതിയിലെ രൂപം (ഫോം), സമ്പ്രദായം (മാനർ), സംവിധാനം (അറേയ്ഞ്ച്മെൻറ്), ആശയാവിഷ്കാരം (എക്സ്പ്രഷൻ) എന്നിവയേ പകർപ്പവകാശനിയമത്തിനു വിഷയങ്ങളാകുന്നുള്ളൂ; ഇവ അനുകരിക്കുകയോ അപഹരിക്കുകയോ ചെയ്യുന്നതു മാത്രമേ പകർപ്പവകാശത്തിന്റെ ലംഘനമായിത്തീരുകയുള്ളൂ. പകർപ്പവകാശനിയമം ലംഘിക്കപ്പെട്ടതായി സ്ഥാപിക്കണമെങ്കിൽ, പ്രസക്ത കൃതിയിലെ ആശയത്തെ അനുകർത്താവ് സ്വീകരിച്ചിട്ടുണ്ടെന്നു തെളിയിച്ചാൽ മാത്രംപോര; പിന്നെയോ, പ്രസക്ത കൃതിയുടെ സമ്പ്രദായവും, സന്ദർഭങ്ങളുടേയും രംഗങ്ങളുടേയും സംവിധാനക്രമവും സ്വീകരിച്ചിട്ടുണ്ടെന്നുകൂടി തെളിയിക്കണം. അങ്ങനെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, അനുകർത്താവ് അവിടവിടെ അപ്രധാനങ്ങളായ മാററങ്ങൾ വരുത്തിയിട്ടുണ്ടെന്നോ, ചിലതു കൂട്ടിച്ചേർത്തിട്ടുണ്ടെന്നോ, ചിലേടത്തു ചില അലങ്കാരങ്ങൾ ഘടിപ്പിച്ചിട്ടുണ്ടെന്നോ ഉള്ള കാരണത്താൽ ഈ അനുകരണം പകർപ്പവകാശ ലംഘനമല്ലാതാവുകയുമില്ല.

മോഹൻ സേഗൾ, ഡീലക്സ് ഫിലിംസ് എന്നിവർ ചേർന്ന് 'ന്യൂഡൽഹി' എന്ന ഫിലിം നിർമിക്കുകവഴി 'ഹം ഹിന്ദുസ്ഥാനി' എന്ന നാടകത്തിൽ തനിക്കുള്ള പകർപ്പവകാശം ലംഘിച്ചിരിക്കുന്നു എന്നു വാദിച്ചുകൊണ്ട് നാടകകൃത്തായ ശ്രീ ആർ. ജി. ആനന്ദ്, ഡൽഹി സെഷൻസ് കോർട്ടിൽ കൊടുത്ത കേസ്സിന്റെ അപ്പീലിലാണ് സുപ്രീംകോടതി സുപ്രധാനമായ ഈ വിധി പ്രസ്താവിച്ചതു്.

ഒരേ ആശയംതന്നെ വ്യത്യസ്ത രീതിയിൽ വികസിപ്പിച്ചെടുക്കുന്നിടത്ത്, സ്രോതസ്സ് ഒന്നാകയാൽ സാമ്യങ്ങൾ കാണാതിരിക്കയില്ലെന്നു സുപ്രീം കോടതി അഭിപ്രായപ്പെട്ടു. ഇതുകൊണ്ടുമാത്രം ഒന്നു മറെറാന്നിന്റെ പകർപ്പായിക്കൊള്ളണമെന്നില്ല. രണ്ടു കൃതികളും വായിക്കുകയോ കാണുകയോ ചെയ്തശേഷം രണ്ടാമതുണ്ടായ കൃതി ആദ്യത്തേതിന്റെ ഒരു പകർപ്പാണെന്ന, തെററിദ്ധാരണയാകാനിടയില്ലാത്ത ധാരണയും അഭിപ്രായവും വായനക്കാരനോ കാഴ്ചക്കാരനോ ഉണ്ടാവുന്നുവെങ്കിലേ രണ്ടാമത്തേതിന്റെ നിർമാതാവ് പകർപ്പവകാശം ലംഘിച്ചതായി കണക്കാക്കാവൂ.

രണ്ടു കൃതികളുടേയും പ്രമേയം (തീം) ഒന്നായിരിക്കേ, രണ്ടാമത്തെ കൃതിയിൽ അതു വ്യത്യസ്തരീതിയിലാണു സമർപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്തിട്ടുള്ളത് എങ്കിൽ രണ്ടാമത്തെ കൃതി തികച്ചും പുതുതായ ഒന്നായിത്തീരുന്നു. അവിടെ പകർപ്പവകാശലംഘനം ഉത്ഭവിക്കുന്നില്ല.

ഒരു നാടകകൃത്തിന്റെ പകർപ്പവകാശം ഒരു ഫിലിം നിർമാതാവ് ലംഘിച്ചിരിക്കുന്നു എന്നതാണു പ്രശ്നമെങ്കിൽ അതു തെളിയിക്കുക പ്രത്യേകിച്ചും പ്രയാസമാണെന്നും സുപ്രീം കോടതി അഭിപ്രായപ്പെട്ടു. കാരണം, ഫിലിമിന്റെ പരിപ്രേക്ഷ്യം, രംഗത്ത് അവതരിപ്പിക്കുന്ന നാടകത്തിന്റെ പരിപ്രേക്ഷ്യത്തേക്കാൾ എത്രയോ വിപുലമാണ്. ഫിലിമിന്റെ പശ്ചാത്തലം വിസ്തൃതമാകുന്നു. അതിൽ പല സംഭവങ്ങളും പുതുതായി ഉൾപ്പെടുത്തുകവഴി, നാടകരംഗത്തിൽനിന്ന് എത്രയോ വ്യത്യസ്തമായ നിറവും ഛായയും ഉളവാക്കാൻ ഫിലിം നിർമാതാവിനു സാധിക്കും. അപ്പോൾ പകർപ്പവകാശലംഘനപ്രശ്നം ഉദിക്കുകയേയില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും, നാടകം വായിക്കുകയോ അഭിനയിച്ചു കാണുകയോ ചെയ്തശേഷം ഫിലിം കാണുന്ന ഒരാൾക്ക് ഏറിയോ കുറഞ്ഞോ നാടകത്തിന്റെ പകർപ്പാണു ഫിലിം എന്ന ബോധം, ആകെത്തുകയിൽ ഉണ്ടാവുകയാണെങ്കിൽ പകർപ്പവകാശനിയമത്തെ ഫിലിം നിർമാതാവു ലംഘിച്ചതായിത്തന്നെ കണക്കാക്കണമെന്നും സുപ്രീം കോടതി അഭിപ്രായപ്പെട്ടു.

പകർപ്പവകാശത്തെസ്സംബന്ധിച്ച ചർച്ച വാസ്തവത്തിൽ സ്വത്തവകാശം സംബന്ധിച്ചതെന്നപോലെ സൗന്ദര്യശാസ്ത്രപരമായ ഒരു ചർച്ചകൂടിയാണ്. സ്വകാര്യസ്വത്തിന്റെ സംരക്ഷണം സംബന്ധിച്ച നിയമങ്ങൾക്കെന്നപോലെ സൗന്ദര്യശാസ്ത്ര നിയമങ്ങൾക്കും ഇവിടെ പ്രസക്തിയുണ്ട്. രണ്ടു കൃതികളിൽ ഒന്നു മറ്റൊന്നിന്റെ അനുകരണമോ അപഹരണമോ ആണോ എന്നു, തീരുമാനിക്കുവാൻ, അവസാനമായി രണ്ടും വായിച്ചു, അഥവാ കണ്ടു, സഹൃദയന്റെ ധാരണയ്ക്കാണ് സുപ്രീംകോടതി പരമപ്രാമാണ്യം കല്പിച്ചത്.

ഇന്ത്യയിലെ സൗന്ദര്യശാസ്ത്രകാരന്മാരിൽ അദ്വിതീയനായ ആനന്ദവർദ്ധനൻ 'ധ്വന്യാലോകം' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ ഏറെക്കുറെ വ്യക്തമായിത്തന്നെ ഈ പ്രശ്നം ചർച്ചചെയ്തിട്ടുണ്ട്. ബുദ്ധിമാന്മാരുടെ ബുദ്ധികൾ ഒരേതരത്തിൽ പ്രവർത്തിച്ചുകൂടെന്നില്ലാത്തതിനാൽ അവരുടെ കൃതികളിൽ പരസ്പരസാദൃശ്യം ധാരാളമായുണ്ടാവാമെന്ന് ആനന്ദവർദ്ധനൻ പറയുന്നു. പക്ഷേ, സാദൃശ്യം ഏകരൂപമല്ല. രണ്ടു കൃതികൾ തമ്മിലുള്ള സാദൃശ്യത്തെ മൂന്നുതരമായി പൊതുവേ വിഭജിക്കാം. ഒരു വസ്തുവിനും അതിന്റെ പ്രതിബിംബത്തിനും തമ്മിലുള്ള സാദൃശ്യമാണ് ഇവയിലൊന്ന്. പ്രതിബിംബകല്പമായ കാവ്യവസ്തുവിനു യഥാർത്ഥത്തിൽ ഒരു ശരീരം തന്നെയില്ല; ആത്മാവില്ലെന്നു പിന്നെ പറയേണ്ടതുമില്ല. അതിനാൽ സാഹിത്യകാരൻ അത്തരമൊരു കൃതി രചിക്കരുത്. ഒരു വസ്തുവിനും അതിന്റെതന്നെ ചിത്രത്തിനും തമ്മിലുള്ളതാണ് ഇനിയൊരുതരം സാദൃശ്യം. ഇവിടെ അനുകരണകൃതിക്ക് അനുകാര്യകൃതിയിൽനിന്നു വ്യത്യസ്തമായ ശരീരമുണ്ട്. എങ്കിലും അതിനും ആത്മാവില്ല. ഉണ്ടെങ്കിൽത്തന്നെ അതു തുച്ഛവുമാണ്. അതിനാൽ ഇത്തരം അനുകരണവും സാഹിത്യകാരന്മാർ വർജിക്കുകതന്നെ വേണം. സഹോദരന്മാർ പിതൃപുത്രന്മാർ എന്നിവർക്കിടയിൽ അത്യധികമായ ആകാരസാദൃശ്യം ചിലപ്പോൾ കാണാറുണ്ടല്ലോ. ഇത്തരം സാദൃശ്യം രണ്ടു കൃതികൾക്ക് പരസ്പരം കണ്ടുവെന്നു വരാം. ഇവിടെ രണ്ടു കൃതികൾക്കും വ്യത്യസ്തമായ ശരീരവും വ്യത്യസ്തമായ ആത്മാവുമുള്ളതിനാൽ, മറ്റൊരു കൃതിയുമായി ഈ തരത്തിലുള്ള സാദൃശ്യം ഉണ്ടെന്നുവെച്ച് ഒരു കൃതി ഉപേക്ഷിക്കപ്പെടേണ്ടതില്ല. സുന്ദരിയുടെ മുഖത്തിന് ചന്ദ്രനോടു സാദൃശ്യം ഉണ്ടാവാം; ഈ സാദൃശ്യം മുഖത്തിന് ഒരു വിധത്തിലും അപകർഷമുണ്ടാക്കുന്നില്ല. അതുപോലെ സാരഭൂതമായ ഒരാത്മാവുണ്ടെങ്കിൽ, മറ്റൊരു കൃതിയുടെ ഛായയുണ്ടെങ്കിൽകൂടി, ഒരു കൃതി സ്വീകാര്യമാകാതെ വരുന്നില്ല. പുരാതനകവികൾ ഉപയോഗിച്ച അക്ഷരങ്ങളും വാക്കുകളും പദാർത്ഥങ്ങളും രചനകളുമൊക്കെത്തന്നെയാണ് ഇദാനീന്തന കവികളുടെയും കൈമുതൽ; ഇവയൊക്കെ പുതുതായി ഉണ്ടാക്കി ഉപയോഗിക്കാൻ ആർക്കും കഴിവില്ല. 'ഇതാ, ഇവിടെ ഒരു പുതിയ പ്രതിഭയുടെ പ്രസരണം!' എന്ന ആശ്ചര്യം കലർന്ന ബോധം സഹൃദയന്മാരിൽ ഉളവാക്കാൻ കഴിയുമെങ്കിൽ, പൂർവച്ഛായാനുഗതമായ ഒരു പ്രബന്ധം നിർമിച്ചാലും സൽകവി ഗർഹണീയനായിത്തീരുന്നില്ല. ചുരുക്കത്തിൽ ഇതാണ് അനുകരണങ്ങളെസ്സംബന്ധിച്ച് ആനന്ദവർദ്ധനന്റെ അഭിപ്രായം.

പകർപ്പവകാശ നിയമത്തിന്റെയും താത്വികമായ അടിസ്ഥാനം ഏറെക്കുറെ ഇതുതന്നെയായിരിക്കണം. രണ്ടു കൃതികൾ തമ്മിൽ ഉപരിതലത്തിൽ സാദൃശ്യം തോന്നുന്നുണ്ടെങ്കിൽകൂടി, ആദ്യത്തെ കൃതിയുടേതിൽനിന്നു വ്യത്യസ്തമായ ഒരാത്മാവ്, തനതായ ഒരു വീക്ഷണം രണ്ടാമത്തെ കൃതിക്കുണ്ടെങ്കിൽ, അതിന്റെ കർത്താവ് പകർപ്പവകാശനിയമം ലംഘിച്ചിട്ടില്ലെന്നു പറയാൻ സംശയിക്കേണ്ടതില്ല. അയാളുടെ കൃതി തികച്ചും, അയാളുടെ സ്വത്തുതന്നെ!